**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1967** **03-03-2025 - ൽ മറുപടിയ്ക്ക്**

**ടീകോം കമ്പനിക്കു നൽകിയ ഭൂമി തിരിച്ചു പിടിക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ദുബായ് ടീകോം കമ്പനിക്കു നൽകിയ 246 ഏക്കർ ഭൂമി തിരിച്ചു പിടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ടീകോമും സംസ്ഥാന സർക്കാരും തമ്മിൽ പരസ്പരധാരണയിൽ കരാർ അവസാനിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ടീകോം കമ്പനി വാഗ്ദാനം ചെയ്ത തൊഴിലവസരങ്ങളിൽ എത്രമാത്രം ലഭ്യമാക്കി എന്നറിയിക്കുമോ; | (ബി) | വിലയിരുത്തിയിട്ടില്ല |
| (സി) | ടീകോമിനെ ഒഴിവാക്കുമ്പോൾ അവർ നടത്തിയ നിക്ഷേപത്തിന് നഷ്ടപരിഹാരം നൽകാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കരാറിൽ നിന്ന് ടീകോമിനെ ഒഴിവാക്കുമ്പോൾ പദ്ധതിയിൽ നിർമാണ പ്രവർത്തനങ്ങൾക്കും മറ്റുമായി അവർ ചെലവിട്ട തുകയും അവരുടെ അനുവദനീയമായ ഓഹരി മൂല്യവും അടക്കം തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കരാറിൽ നിന്ന് പിൻമാറുന്നതിനുള്ള നഷ്ടപരിഹാരമല്ല, മറിച്ച് ടീകോം ചെലവഴിച്ച തുകയും അവരുടെ അനുവദനീയമായ ഓഹരി മൂല്യവുമാണ്. ആയത് കണക്കാക്കുന്നതിനായി ഒരു സ്വതന്ത്ര ഇവാല്യുവേറ്ററെ നിയമിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ചുമതലപ്പെടുത്തിയ മൂന്നംഗ സമിതി നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാവും സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുക. |
| (ഡി) | ടീകോമിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമി എന്തെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കുമോ? | (ഡി) | കൊച്ചിയിൽ ഐ.ടി വികസനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാനും ഐ.ടി കമ്പനികളുടെ വർദ്ധിച്ചു വരുന്ന സ്പെയ്സ് ആവശ്യം നിറവേറ്റുന്നതിനും അതുവഴി ഐ.ടി വികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ